# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.358** **15.03.2017 - ലെ മറുപടിക്ക്**

**ചോദ്യം** **ഉത്തരം**

ശ്രീ. ജോർജ് എം. തോമസ്
ശ്രീ.എം. സ്വരാജ്
ശ്രീ.വി. കെ. സി.മമ്മത് കോയ
ശ്രീ.കെ. ഡി. പ്രസേനൻ

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

### നോട്ട് നിരോധനം

| | | |
|---|---|---|
| (എ) | നോട്ട് നിരോധനം കാരണം സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിലും ടൂറിസം, കൃഷി തുടങ്ങിയ മേഖലകളിലും ഉണ്ടായ നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടുണ്ടോ; | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിലും സമ്പദ്ഘടനയിലെ ടൂറിസം, കൃഷി അടക്കമുള്ള മേഖലകളിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.<br>എന്നാൽ,അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31/12/16 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ച) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവ് ഉണ്ടായിട്ടുണ്ട്.<br>നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, |

| | | |
|---|---|---|
| | | സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.<br>അതേ സമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റേയും ഡിസംബറിൽ 16.67 ശതമാനത്തിന്റേയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.<br>കാർഷിക മേഖലയിലെ ഭൂരിഭാഗം സാമ്പത്തിക ഇടപാടുകളും രൊക്കം പണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് നോട്ടുകളുടെ ലഭ്യതക്കുറവ് വിളവ് വിൽപ്പന, വിത്ത് വാങ്ങൽ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഇടപാടുകൾ എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്. കമ്പോളത്തിലെ പണമിടപാടിലുണ്ടായ കാലതാമസവും ഉല്പന്നങ്ങളുടെ വില ഇടിഞ്ഞതും ഇതര സംസ്ഥാന തൊഴിലാളികൾ കൂലി ലഭിക്കാത്തതിനാൽ ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങിപ്പോയതും കാർഷിക മേഖലയെ, നോട്ട് അസാധുവാക്കൽ, വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കാണ് തള്ളിയിട്ടിട്ടുള്ളത്.<br>കേരള സമ്പദ് വ്യവസ്ഥയുടെ പ്രധാന ചാലക ശക്തിയായ വിനോദസഞ്ചാര മേഖലയ്ക്ക് നോട്ട് നിരോധനം കനത്ത പ്രഹരമാണ് ഏൽപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ ത്വരിത പരിശോധനയിൽ ആഭ്യന്തര ,വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ നോട്ട് അസാധുവാക്കലിനുശേഷം ഇടിവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | നോട്ട് നിരോധനം കാരണം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കാനായി കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ നഷ്ടപരിഹാരം നേടിയെടുക്കാൻ ശ്രമമുണ്ടാകുമോ? | നോട്ട് നിരോധനം കാരണം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കാനായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ സാമ്പത്തിക സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത അഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**